# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.358 27-02-2018 ലെ മറുപടിക്ക്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ഐ.സി.ബാലകൃഷ്ണൻ | ഡോ.ടി.എം.തോമസ് ഐസക്<br>ബഹു.ധനകാര്യവും കയറും വകുപ്പു മന്ത്രി |

### സംസ്ഥാനത്തിന്റെ ധനകമ്മി

<table>
<tr><td>(എ)</td><td>സംസ്ഥാനത്തിന്റെ ധനകമ്മി സംബന്ധിച്ച വിശദാംശം 2011 മുതൽ 2017 വരെയുള്ള വർഷങ്ങളിലേത് വ്യക്തമാക്കുമോ;</td><td>സംസ്ഥാനത്തിന്റെ ധനകമ്മി സംബന്ധിച്ച് 2011 മുതൽ 2017 വരെയുള്ള വർഷങ്ങളിലെ വിശദാംശം ചുവടെ ചേർക്കുന്നു:<br>(തുക കോടിയിൽ)
<table>
<tr><th>വർഷം</th><th>ധനകമ്മി</th></tr>
<tr><td>2011-12</td><td>12814.77</td></tr>
<tr><td>2012-13</td><td>15002.46</td></tr>
<tr><td>2013-14</td><td>16944.13</td></tr>
<tr><td>2014-15</td><td>18641.73</td></tr>
<tr><td>2015-16</td><td>17818.39</td></tr>
<tr><td>2016-17</td><td>26448.35</td></tr>
<tr><td>2017-18<br>അക്കൗണ്ടന്റ് ജനറലിന്റെ പ്രാഥമിക കണക്കുകൾ പ്രകാരം</td><td>23717.22 ★<br>★ (ജനുവരി വരെ)</td></tr>
</table></td></tr>
<tr><td>(ബി)</td><td>മുൻ സർക്കാർ അധികാരമൊഴിയുമ്പോൾ സർക്കാറിന്റെ പൊതുകടം എത്രയായിരുന്നുവെന്ന് അറിയിക്കുമോ; 2018 ജനുവരി 31-ലെ കണക്ക് വ്യക്തമാക്കുമോ;</td><td>2016 മാർച്ച് 31-ന് സർക്കാരിന്റെ പൊതുകടം 109730.97 കോടി രൂപയായിരുന്നു. അക്കൗണ്ടന്റ് ജനറലിന്റെ കണക്കുകൾ പ്രകാരം 2018 ജനുവരി 31-ന് സർക്കാരിന്റെ പൊതുകടം 138426.83 കോടി രൂപയാണ്.</td></tr>
<tr><td>(സി)</td><td>സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്തുന്നതിനായി ഈ സർക്കാർ സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കാമോ;</td><td>സംസ്ഥാന വരുമാനത്തിന്റെ മുഖ്യസ്രോതസ് വില്പന നികുതിയും മൂല്യവർദ്ധിത നികുതിയുമായിരുന്നു. എന്നാൽ ചരക്ക് സേവന നികുതി സംവിധാനം നിലവിൽ വന്നതോടു കൂടി നികുതി സമാഹരണത്തിന്മേൽ ഇടപെടാനുള്ള സംസ്ഥാനത്തിന്റെ അധികാരപരിധി പരിമിതമാക്കപ്പെട്ടു. ചരക്ക് സേവന നികുതി സംവിധാനത്തിൽ നിലവിലുള്ള ന്യൂനതകൾ പരിഹരിച്ച് വരുമാനം വർദ്ധിപ്പിക്കുന്നതിന് വേണ്ടി സംസ്ഥാനത്തിന്റേതായിട്ടുള്ള ക്രിയാത്മകമായ പല നിർദ്ദേശങ്ങളും ചരക്ക് സേവന നികുതി സമിതിയിൽ അവതരിപ്പിച്ചിട്ടുണ്ട്. ഇ-വേ ബിൽ സംവിധാനം ഏർപ്പെടുത്തുന്നതോടു കൂടി അന്തർസംസ്ഥാന</td></tr>
</table>

| | | |
|---|---|---|
| | | വ്യാപാരത്തിന്മേലുള്ള നികുതി ചോർച്ച തടയാനാകുമെന്നും അതിലൂടെ ഉപഭോക്തൃ സംസ്ഥാനമെന്ന നിലയിൽ കൂടുതൽ വരുമാനം ലഭ്യമാകുമെന്നും പ്രതീക്ഷിക്കുന്നു. സംസ്ഥാനത്തിന്റെ അധികാര പരിധിയിൽ വരുന്ന നികുതി നികുതിയേതര സ്രോതസ്സുകളിൽ നിന്നുമുള്ള ധനസമാഹരണം മെച്ചപ്പെടുത്തുന്നതിന് അതത് വകുപ്പുകൾ മുഖേന പ്രത്യേക വിഭവ സമാഹരണ യജ്ഞങ്ങൾ നടത്തി വരുന്നു. വിൽപന നികുതി, കാർഷികാദായ നികുതി എന്നീ ആക്ടുകൾ പ്രകാരമുള്ള അസസ്സ്മെന്റുകളിൽ വന്നിട്ടുള്ള നികുതികുടിശ്ശികയ്ക്ക് ആംനസ്റ്റി പ്രഖ്യാപിച്ചിട്ടുണ്ട്. അതിന്റെ ഭാഗമായി റവന്യൂ റിക്കവറിയുടെ വേഗത വർദ്ധിപ്പിക്കുക, അഴിമതി നിർമാർജ്ജനം ചെയ്യുക, ഇന്റേണൽ ഓഡിറ്റ് സംവിധാനം ശക്തിപ്പെടുത്തുക, വകുപ്പുകളുടെ സാങ്കേതിക നവീകരണം നടപ്പിലാക്കുക, നികുതി നിയമങ്ങളെക്കുറിച്ചുള്ള ഉപഭോക്തൃ അവബോധം വർദ്ധിപ്പിക്കുക, വ്യാപാരി സൗഹൃദ സമീപനം നടപ്പിലാക്കുക എന്നീ പദ്ധതികളും നടപ്പിലാക്കി വരുന്നു. അന്യസംസ്ഥാനത്ത് രജിസ്റ്റർ ചെയ്ത് കേരളത്തിൽ സ്ഥിരമായി ഉപയോഗിക്കുന്ന വാഹന ഉടമകൾ സംസ്ഥാനത്ത് അടയ്ക്കേണ്ടതായ നികുതി പിരിച്ചെടുക്കുന്നതിന് നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഇതിനു പുറമേ സംസ്ഥാനത്തിന്റെ ധനസ്ഥിതി സംതുലിതമാക്കുന്നതിന്റെ ഭാഗമായി അനാവശ്യ ചെലവുകൾ ഒഴിവാക്കുന്നതിനും പ്രത്യേക ശ്രദ്ധ നൽകുന്നുണ്ട്. |
| (ഡി) | 2011 മുതൽ 2017 വരെയുള്ള വർഷങ്ങളിലെ നികുതി വരുമാനത്തിന്റെ കണക്ക് വാർഷികാടിസ്ഥാനത്തിൽ ഓരോ നികുതിയും ഇനം തിരിച്ച് നൽകാമോ? | 2011 മുതൽ 2017 വരെയുള്ള വർഷങ്ങളിലെ നികുതി വരുമാനത്തിന്റെ വാർഷികാടിസ്ഥാനത്തിലുള്ള ഇനം തിരിച്ച കണക്ക് അനുബന്ധമായി ചേർക്കുന്നു. |

**സെക്ഷൻ ഓഫീസർ**

**അനുബന്ധം**

**2011 മുതൽ 2017 വരെയുള്ള വർഷങ്ങളിലെ നികുതി വരുമാനത്തിന്റെ വാർഷികാടിസ്ഥാനത്തിലുള്ള ഇനം തിരിച്ച കണക്ക്**

*(തുക കോടിയിൽ)*

| | 2011-12 | 2012-13 | 2013-14 | 2014-15 | 2015-16 | 2016-17 | 2017-18* |
|---|---|---|---|---|---|---|---|
| കേന്ദ്ര ചരക്ക് സേവന നികുതി | | | | | | | 0.50 |
| സംസ്ഥാന ചരക്ക് സേവന നികുതി | | | | | | | 8439.99 |
| കാർഷികാദായ നികുതി | 42.86 | 18.92 | 21.55 | 8.60 | 2.01 | 2.37 | 2.40 |
| ഭൂനികുതി | 60.75 | 121.58 | 88.78 | 139.03 | 182.28 | 124.15 | 127.25 |
| മുദ്രപ്പത്രങ്ങളും രജിസ്ട്രേഷൻ ഫീസും | 2986.56 | 2938.37 | 2593.29 | 2659.02 | 2877.73 | 3006.59 | 2690.77 |
| സ്റ്റേറ്റ് എക്സൈസ് | 1883.18 | 2313.95 | 1941.72 | 1777.42 | 1964.15 | 2019.30 | 1795.62 |
| വില്പന നികുതി | 18938.83 | 22511.09 | 24885.25 | 27908.33 | 30736.78 | 33453.49 | 19731.64 |
| വാഹന നികുതി | 1587.13 | 1924.62 | 2161.09 | 2364.95 | 2814.30 | 3107.23 | 3062.55 |
| ചരക്കുകളുടേയും യാത്രക്കാരുടേയും മേലുള്ള നികുതികൾ | 0.00 | 0.00 | 0.00 | 0.00 | 0.01 | 0.01 | 0.003 |
| വിദ്യുച്ഛക്തിയിന്മേലുള്ള നികുതികളും തീരുവകളും | 21.28 | 24.71 | 42.25 | 48.71 | 57.66 | 63.30 | 55.52 |
| കൃഷിഭൂമി ഒഴികെയുള്ള സ്ഥാവര വസ്തുവിന്മേലുള്ള നികുതികൾ, ക്രയവസ്തുക്കളേയും സേവനങ്ങളേയും സംബന്ധിച്ച മറ്റു നികുതികൾ | 198.00 | 223.37 | 261.08 | 326.44 | 360.22 | 399.94 | 215.93 |
| കേന്ദ്രനികുതി വിഹിതം | 5990.36 | 6840.65 | 7468.68 | 7926.29 | 12690.67 | 15225.02 | 12055.48 |

* *അക്കൗണ്ടന്റ് ജനറലിന്റെ പ്രാഥമിക കണക്കുകൾ പ്രകാരം 2018 ജനുവരി 31 വരെ*

**സെക്ഷൻ ഓഫീസർ**